നമ്പർ: E4-32708/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 08.03.2018.
Email: swdkerala@gmail.com
Phone: 0471- 2306040.

## പരിപത്രം

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നത് - സംബന്ധിച്ച്.

സൂചന: സാമൂഹ്യനീതി ഡയറക്ടറുടെ 01.03.2018 ലെ ഇ3-36715/17 നമ്പർ ഉത്തരവ്.

സൂചന ഉത്തരവു പ്രകാരം സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ഉണ്ടായിട്ടുള്ള അറ്റൻഡർ തസ്തികയിലെ ഒഴിവ് ആഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന എസ്.എസ്.എൽ.സി. യോഗ്യതയോ അല്ലെങ്കിൽ പി.എസ്.സി. നടത്തുന്ന അറ്റൻഡർ ടെസ്റ്റ് യോഗ്യതയോ നേടിയിട്ടുള്ളവരിൽ നിന്നും ഉദ്യോഗക്കയറ്റം വഴി നികത്തേണ്ടതുണ്ട്. ആയതിലേയ്ക്ക് **1.5.2001**ന് ശേഷം വകുപ്പിൽ ജോലിയിൽ പ്രവേശിച്ച മേൽ പ്രസ്താവിച്ച തസ്തികയിലെ ജീവനക്കാരിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭിക്കുന്നതിന് താൽപര്യമുള്ളവരുണ്ടെങ്കിൽ, ആയതു സംബന്ധിച്ച സമ്മതപത്രം **20.03.2018** നു മുൻപായി കാര്യാലയമേധാവി മുഖാന്തിരം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു. സമയപരിധി കഴിഞ്ഞു ലഭിക്കുന്ന സമ്മതപത്രം പരിഗണിക്കുന്നതല്ല. **അറ്റൻഡർ തസ്തികയിലെ ഒഴിവ് സാമൂഹ്യനീതി ഡയറക്ടറേറ്റിലായതിനാൽ പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരൻ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സേവനമനുഷ്ഠിക്കേണ്ടതാണ്.** സമ്മതപത്രത്തിന്റെ കരട് ഉള്ളടക്കം ചെയ്യുന്നു.

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

എല്ലാ കീഴ്കാര്യാലയമേധാവികൾക്കും
സൂപ്രണ്ട്, IT സെൽ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

# സമ്മതപത്രം

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (ഓഫീസിന്റെ പേര്) ഓഫീസ് അറ്റൻഡന്റ് / വാച്ച്മാൻ തസ്തികയിൽ ഈ വകുപ്പിൽ . . . . . . . . . തീയതിയിൽ ജോലിയിൽ പ്രവേശിച്ചതുമായ എനിക്ക് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള അറ്റൻഡർ തസ്തികയിൽ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം മുഖേന സേവനമനുഷ്ഠിക്കുന്നതിന് സമ്മതമാണെന്ന് അറിയിക്കുന്നു.

ഒപ്പ്:

ജീവനക്കാരന്റെ പേര്:

തസ്തിക:

കാര്യാലയം:

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .(പേരും തസ്തികയും) . . . . . . . . . തീയതിയിൽ സാമൂഹ്യനീതി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചയാളാണെന്നും ടിയാൾ എസ്.എസ്.എൽ.സി. യോഗ്യത/ പി.എസ്.സി. നടത്തുന്ന അറ്റൻഡർ ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളയാളാണെന്നും സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

കാര്യാലയമേധാവിയുടെ ഒപ്പ്

(ഓഫീസ് സീൽ)